# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2602 — 09.03.2017 -ലെ മറുപടിക്ക്

## തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>" പി.ടി.തോമസ്<br>" കെ.എസ്.ശബരിനാഥൻ<br>" കെ.സി.ജോസഫ് | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മിക്കുന്ന പദ്ധതി പ്രതീക്ഷിച്ച ഫലം കണ്ടെത്തിയിട്ടില്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) കടലാക്രമണമുള്ള പ്രദേശങ്ങളിൽ CWPRS നിർദ്ദേശിച്ച രീതിയിലാണ് ഇപ്പോൾ കടൽഭിത്തി നിർമ്മിക്കുന്നത്. കടൽഭിത്തി നിർമ്മാണം ഫലവത്താണ്. തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മിച്ച പ്രദേശങ്ങളിൽ കടലാക്രമണം മൂലമുള്ള പ്രകൃതിദുരന്തം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് പകരമായി എന്ത് പദ്ധതിയാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളുമായും സംഘടനകളുമായും ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി "കേരളത്തിന്റെ കടൽത്തീര സംരക്ഷണത്തെ സംബന്ധിച്ച്" ഈ മേഖലയിലെ പ്രശസ്തരായിട്ടുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. Geo Textile Tube, Beach formation, sand bag for emergency works, ശരിയായ രീതിയിൽ രൂപകൽപ്പന ചെയ്ത seawall/groins, കണ്ടൽവനങ്ങൾ വച്ചുപിടിപ്പിക്കുക മുതലായ പദ്ധതികളെ കുറിച്ച് ചർച്ചചെയ്യുകയും ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ നിർദ്ദേശങ്ങൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ